നം.പി.എൽ-3/60674/2017/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : 03.07.2017

പ്രേഷകൻ

സ്റ്റേറ്റ് നോഡൽ ഓഫീസർ(ഇൻസ്പെയർ)
പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

സ്വീകർത്താവ്

**എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും**

സർ,

വിഷയം:-പൊതു വിദ്യാഭ്യാസം - ഇൻസ്പെയർ അവാർഡ് സ്കീം 2017 - ഇൻസ്പെയർ മനക് സ്കീം-നോമിനേഷനുകൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:-30/06/2017-ലെ കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് ജോയന്റ് സെക്രട്ടറിയുടെ 12011/71/2015 ഇൻസ്പെയർ കത്ത്.

2017-18-ൽ E-MIAS വെബ്സൈറ്റിൽ കുട്ടികളുടെ നോമിനേഷനുകൾ സമർപ്പിക്കേണ്ട തീയതി 2017 ആഗസ്റ്റ് 15 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. അവസാന തീയതി ഇനി ദീർഘിപ്പിക്കുന്നതല്ല. E-MIAS വെബ്സൈറ്റിൽ രജിസ്ട്രേഷൻ എടുക്കാത്ത സ്കൂളുകൾ 2017 ആഗസ്റ്റ് 15-നു മുമ്പ് രജിസ്ട്രേഷൻ എടുത്ത് കുട്ടികളുടെ നോമിനേഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ എടുത്തിട്ടുള്ള സ്കൂളിൽ നിന്ന് ഇതുവരെ കുട്ടികളുടെ നോമിനേഷനുകൾ സമർപ്പിച്ചിട്ടില്ലെങ്കിൽ E-MIAS വെബ്സൈറ്റിൽ നോമിനേഷനുകൾ എത്രയും പെട്ടെന്ന് രജിസ്റ്റർ ചെയ്യുവാൻ നിർദേശം നൽകേണ്ടതാണ്. ഇക്കാര്യം ജില്ലയിലെ എല്ലാ സ്കൂളിലെയും പ്രധാനാദ്ധ്യാപകരെ അറിയിക്കേണ്ടതാണ്. നോമിനേഷനുകൾ സമർപ്പിക്കുമ്പോൾ വേഡ് അല്ലെങ്കിൽ പി.ഡി.എഫ്. ഫോർമാറ്റിൽ പ്രൊജക്ട് സിനോപ്സിസ് കൂടി ഈ വർഷം സമർപ്പിക്കേണ്ടതാണ്.

കുട്ടിയുടെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ, ആധാർ കാർഡ് നമ്പർ എന്നിവ ബന്ധപ്പെട്ട രേഖകളിൽ ഉള്ളത് ശ്രദ്ധാപൂർവ്വം E-MIAS വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യണം എന്ന് കൂടി അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

**സ്റ്റേറ്റ് നോഡൽ ഓഫീസർ(ഇൻസ്പെയർ)**